## പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 252 | 19.06.2018-ൽ മറുപടിയ്ക്ക്

## പുനരാവിഷ്കൃത ജനകീയാസൂത്രണം

| ചോദ്യം<br><br>**ശ്രീമതി.വീണാ ജോർജ്ജ്<br>ശ്രീ.ഇ.പി.ജയരാജൻ<br>ശ്രീ. എം. നൗഷാദ്<br>ശ്രീ.എൻ. വിജയൻ പിള്ള** | | മറുപടി<br><br>**ഡോ.കെ.റ്റി.ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി)** | |
|---|---|---|---|
| (എ) | താഴെത്തട്ടിലുള്ള വികസന പ്രക്രിയയെ കാര്യക്ഷമമാക്കാൻ പുനരാവിഷ്കൃത ജനകീയാസൂത്രണം എത്രമാത്രം ഫലപ്രദമായിട്ടുണ്ട്; പദ്ധതി നിർവ്വഹണത്തിന് ഒരു വർഷം ലഭിക്കത്തക്ക വിധം ആസൂത്രണ പ്രക്രിയ കാര്യക്ഷമമാക്കാൻ സാധ്യമായിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | പുനരാവിഷ്കൃത ജനകീയാസൂത്രണം താഴെതട്ടിലുള്ള വികസന പ്രക്രിയയെ കാര്യക്ഷമമാക്കാൻ സഹായിച്ചിട്ടുണ്ട്. ആദ്യ വർഷമായ 2017-18 ലെ വാർഷിക പദ്ധതി സംസ്ഥാനത്തെ മുഴുവൻ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും 2017 ജൂൺ 15-ാം തീയതിക്കു മുമ്പ് ആസൂത്രണ സമിതിക്ക് സമർപ്പിക്കുകയും അംഗീകാരം വാങ്ങുകയും ചെയ്തതിനാൽ പദ്ധതി നിർവ്വഹണത്തിന് 10 മാസം സമയം ലഭ്യമാകുകയും ചെയ്തു.ഇതിന്റെ ഫലമായി പദ്ധതി ചെലവിൽ റിക്കോർഡ് നേട്ടത്തോടെ വൻ മുന്നേറ്റമുണ്ടാക്കാൻ സാധിച്ചു. 85.44% ആണ് പദ്ധതി ചെലവിന്റെ സംസ്ഥാന ശരാശരി. 220 തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് 100% പദ്ധതി ചെലവ് എന്ന നേട്ടം കൈവരിക്കാനും സാധിച്ചു<br><br>2018-19 വാർഷിക പദ്ധതിക്ക് 2018 മാർച്ച് മാസത്തിൽ അംഗീകാരം നേടി ഏപ്രിൽ മാസത്തിൽ തന്നെ നിർവ്വഹണം ആരംഭിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സാധിച്ചിട്ടുണ്ട്. ഇതിലൂടെ പദ്ധതി നിർവ്വഹണത്തിന് പൂർണ്ണമായും ഒരു വർഷം ലഭ്യമാകും. |

| | | | |
|---|---|---|---|
| (ബി) | എല്ലാവർക്കും വീടും ശുദ്ധമായ കുടിവെള്ളവും ശുചിത്വമുള്ള നാടും ആരോഗ്യവും വിദ്യാഭ്യാസവുമുള്ള ജനതയും എന്ന ലക്ഷ്യപ്രാപ്തിക്കായി പ്രാദേശിക സർക്കാരുകൾ നടത്തിവരുന്ന ഇടപെടലുകൾ വിശദമാക്കാമോ; | (ബി) | സംസ്ഥാനത്തിന്റെ സമഗ്രവികസനത്തിനായി പ്രാവർത്തികമാക്കി വരുന്ന ചതുർ മിഷനുകളിലൂടെ എല്ലാവർക്കും വീടും ശുദ്ധമായ കുടിവെള്ളവും ശുചിത്വമുള്ള നാടും ആരോഗ്യവും വിദ്യാഭ്യാസവുമുള്ള ജനതയും എന്ന ലക്ഷ്യപ്രാപ്തിക്കായി സംസ്ഥാന സർക്കാരിനോടൊപ്പം പ്രാദേശിക സർക്കാരുകൾ ഫലപ്രദമായ ഇടപെടലുകൾ നടത്തിവരുന്നു. എല്ലാവർക്കും വീട് എന്ന ലക്ഷ്യപ്രാപ്തിക്കായി ലൈഫ് (സമ്പൂർണ്ണ ഭവന പദ്ധതി) പ്രാദേശിക സർക്കാരുകൾ വഴി നടപ്പിലാക്കിവരുന്നു. ആദ്യ ഘട്ടമായി വിവിധ പദ്ധതികളിൽപ്പെട്ടതും നാളിതുവരെ പൂർത്തീകരിക്കാത്തതുമായ 39616 വീടുകൾ 31.05.2018 നകം തന്നെ പൂർത്തീകരിച്ചിട്ടുണ്ട്. രണ്ടാം ഘട്ടമായി 2018-19 സാമ്പത്തിക വർഷത്തിൽ ഭൂമിയുള്ള മുഴുവൻ ഭവനരഹിതർക്കും വീടുകൾ നൽകുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. അതുപോലെ ഐ.എ.വൈ, ഇ.എം.എസ് ഭവന പദ്ധതി ഇതിലൂടെയും എസ്.സി/എസ്.ടി വകുപ്പ് മുഖേനയുള്ള ഫണ്ട് ഉപയോഗിച്ചും എല്ലാർക്കും വീട് എന്ന പദ്ധതി നടപ്പിലാക്കി വരുന്നു.<br>ശുദ്ധമായ കുടിവെള്ളവും ശുചിത്വമുള്ള നാടും ലക്ഷ്യമിട്ട് തദ്ദേശസ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയുടെ ഭാഗമായി ഹരിതകേരളം മിഷൻ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നുണ്ട്. ഹരിതകേരളം മിഷനിൽ കൃഷി വികസനം, ശുചിത്വ-മാലിന്യ സംസ്കരണം, ജല സംരക്ഷണം എന്നിങ്ങനെ മൂന്ന് ഉപദൗത്യങ്ങളാണുള്ളത്. ഗ്രാമപഞ്ചായത്തുകളിൽ ഹരിതകർമ്മസേന രൂപീകരിച്ച് ഉറവിടമാലിന്യ സംസ്കരണ സംവിധാനങ്ങൾ സ്ഥാപിക്കുകയും മേൽനോട്ട പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തുവരുന്നു. മെറ്റീരിയൽ റിക്കവറി ഫെസിലിറ്റേഷൻ (MRF) സെന്ററുകളും റിസോഴ്സ് റിക്കവറി ഫെസിലിറ്റേഷൻ (RRF) സെന്ററുകളും സ്വാപ്പ് ഷോപ്പുകളും സ്ഥാപിച്ച് അജൈവമാലിന്യ സംസ്കരണത്തിനും പുനരുപയോഗത്തിനും ഫലപ്രദമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ജനകീയ പിന്തുണയോടു കൂടി ശുദ്ധജല തടാകങ്ങൾ, കിണർ, ഡാമുകളുടെ ക്യാച്ച്മെന്റ് ഏരിയ എന്നിവ Plastic Septage, Sewage എന്നിവ വിമുക്തമാക്കുന്നതിന് 'Clean Kerala Mission', 'ഹരിത കേരളം', 'സ്വച്ഛ് |

| | | | |
|---|---|---|---|
| | | | ഭാരത്', 'അമൃത്' മുതലായവ വഴി പ്രവർത്തനം നടത്തി വരുന്നു.<br>വിദ്യാഭ്യാസ വികസന പ്രോജക്ടുകൾ പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം മാർഗ്ഗ രേഖകളിൽ നിർദ്ദേശിക്കുന്ന ഉദ്ദേശ്യ ലക്ഷ്യങ്ങളും പ്രവർത്തനങ്ങളുമായി ബന്ധപ്പെടുത്തി നടപ്പിലാക്കി വരുന്നു.<br>ആരോഗ്യ പ്രോജക്ടുകൾ ആർദ്രം മിഷനുമായി സമന്വയിപ്പിച്ച് നടപ്പാക്കുന്ന രീതിയിൽ തയ്യാറാക്കി വരുന്നു. കൈമാറിക്കിട്ടിയ ആരോഗ്യ സ്ഥാപനങ്ങളുടെ ഭൗതിക അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് ഉയർന്ന പരിഗണന നല്കിവരുന്നുണ്ട്. കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റിയ സ്ഥാപനങ്ങളിൽ മുഴുവൻ സമയ OP വിഭാഗവും പ്രവർത്തിക്കുന്നുണ്ട്. |
| (സി) | പച്ചക്കറി, പാൽ എന്നിവയുടെ ഉല്പാദനത്തിൽ സ്വയംപര്യാപ്തത നേടുന്നതിനും തരിശുഭൂമി കൃഷിയോഗ്യമാക്കി ഭക്ഷ്യവിളകളിൽ ഇതര സംസ്ഥാനങ്ങളുടെ മേലുള്ള ആശ്രിതത്വം കുറയ്ക്കുകയെന്ന ലക്ഷ്യത്തോടെ തദ്ദേശസ്വയംഭരണ സ്ഥാനങ്ങൾ നടത്തിവരുന്ന പ്രവർത്തനങ്ങളുടെ ഫലപ്രാപ്തി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (സി) | ഹരിതകേരളം മിഷൻ പ്രവർത്തനങ്ങളിലൂടെ പച്ചക്കറി, പാൽ ഉല്പാദനത്തിൽ സ്വയംപര്യാപ്തത നേടുന്നതിനും തരിശുഭൂമി കൃഷിയോഗ്യമാക്കിത്തീർക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ നടന്നു വരികയാണ്.<br><br>കാർഷിക വിളകളുടെ മൂല്യ വർദ്ധിത ഉത്പ്പന്നങ്ങൾ പ്രോത്സാഹിപ്പിക്കുന്ന പ്രോജക്ടുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഏറ്റെടുക്കാവുന്നതാണെന്നും, പഴം, പച്ചക്കറി എന്നിവയുടെ വിപണനത്തിന് പരമ്പരാഗത ചന്തകൾ, നാടൻ ചന്തകൾ, മറ്റ് വിപണന സംവിധാനങ്ങൾ എന്നിവയുടെ പ്രവർത്തനം ഊർജ്ജിതമാക്കണമെന്നും തരിശുഭൂമിയിൽ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും കൃഷി ചെയ്യാതെ ഒഴിഞ്ഞു കിടക്കുന്ന ഭൂമിയിൽ കൃഷിയിറക്കുന്നതിനും പരമാവധി ശ്രദ്ധ നൽകേണ്ടതാണെന്നും നിലവിലെ മാർഗ്ഗരേഖ പ്രകാരം നിർദ്ദേശം നല്കിയിട്ടുള്ളതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ, നഗരസഭയിലെ 716.71 ഹെക്ടർ തരിശു ഭൂമി കൃഷിയോഗ്യമാക്കിയിട്ടുണ്ട്. |
| (ഡി) | തദ്ദേശസ്വയംഭരണ സ്ഥാപന ശാക്തീകരണത്തിനായുള്ള ഏകീകൃത വകുപ്പ് എന്ന ലക്ഷ്യത്തോടെ നടത്തുന്ന പ്രവർത്തനത്തിന്റെ പുരോഗതി അറിയിക്കാമോ? | (ഡി) | പൊതുസർവ്വീസ് രൂപീകരണവുമായി ബന്ധപ്പെട്ട് ലോക്കൽ ഗവൺമെന്റ് കമ്മീഷൻ സ്റ്റേറ്റ് സർവ്വീസിന്റെ കരട് വിശേഷാൽ ചട്ടങ്ങൾ തയ്യാറാക്കിയിട്ടുണ്ട്. സബോർഡിനേറ്റ് സർവ്വീസിന്റെ ചട്ടങ്ങൾ തയ്യാറായി വരുന്നു.<br>ഏകീകൃത സർവ്വീസ് രൂപീകരണത്തിന്റെ മുന്നൊരുക്കങ്ങൾ നടത്തുന്നതിനും കരട് ചട്ടങ്ങൾ അന്തിമ നടപടികൾക്കായി സമർപ്പിക്കുന്നതിനും കരട് |

| | | | |
|---|---|---|---|
| | | | വിശേഷാൽ ചട്ടത്തിൽ ഉൾപ്പെടുത്തേണ്ട സീനിയോറിറ്റി ലിസ്റ്റ് കുറ്റമറ്റതാക്കുന്നതിനും നിലവിലുള്ള ജീവനക്കാരുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ റേഷ്യോ നിശ്ചയിക്കുന്നതിനും കരട് വിശേഷാൽ ചട്ടത്തിൽ അപാകതകളുണ്ടെങ്കിൽ അവ പരിഹരിക്കുന്നതിനും ജീവനക്കാരുടെ സംശയങ്ങൾ ദൂരീകരിക്കുന്നതിനും തുടങ്ങി പുതിയ സർവ്വീസ് നിലവിൽ വരുന്നതിന്റെ ഭാഗമായി തദ്ദേശ സ്വയംഭരണ വകുപ്പ് എന്ന പേരിൽ ഒരു പൊതു സർവ്വീസ് രൂപീകരിച്ച് പ്രസ്തുത വകുപ്പിന്റെ മേധാവിയായി പ്രിൻസിപ്പൽ ഡയറക്ടറെ നിയമിച്ചിട്ടുള്ളതുമാണ്.<br>പൊതു സർവ്വീസ് രൂപീകരിക്കുന്നതിലേയ്ക്കായി തദ്ദേശ സ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടറുടെ പ്രവർത്തനങ്ങളെ സഹായിക്കുന്നതിന് പഞ്ചായത്ത്, ഗ്രാമവികസനം, നഗരകാര്യം, നഗരഗ്രാമാസൂത്രണം, എഞ്ചിനീയറിംഗ് വിഭാഗം എന്നീ വകുപ്പുകളിൽ നിന്നായി വിവിധ തസ്തികകളിലായി സേവനമനുഷ്ഠിക്കുന്ന ജീവനക്കാരെ (ആകെ 14 ജീവനക്കാരെ) 6 മാസത്തേയ്ക്ക് വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ സ്വരാജ് ഭവനിലെ തദ്ദേശ സ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടറേറ്റിൽ നിയമിച്ച് ഉത്തരവായിട്ടുള്ളതാണ്. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ